## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3114

22/06/2012-ൽ മറുപടി നൽകേണ്ടത്

### 2011-12 ൽ കുടുംബശ്രീ മിഷന് അനുവദിച്ച തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) 2011-12 ൽ കുടുംബശ്രീ മിഷന് എന്ത് തുക അനുവദിച്ച് നൽകിയെന്ന് പറയുമോ; | (എ) | ₹ 45 കോടി |
| (ബി) അനുവദിക്കപ്പെട്ട തുകയ്ക്ക് പുറമേ കുടുംബശ്രീ മിഷന് അധികമായി തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | അധികമായി തുക ആവശ്യപ്പെട്ടിരുന്നു. മുൻവർഷത്തെക്കാൾ 50% വർദ്ധന നൽകിയിട്ടുള്ളതിനാലും സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി മൂലവും കഴിഞ്ഞ സാമ്പത്തിക വർഷം അധികമായി തുക അനുവദിക്കാൻ കഴിഞ്ഞില്ല. |
| (സി) പ്രസ്തുത മിഷന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ; | (സി) | ₹ 84.17 കോടി |
| (ഡി) പ്രസ്തുത മിഷനെക്കൂടാതെ ദാരിദ്ര്യ നിർമ്മാർജ്ജന യത്നവുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും സർക്കാരിതര സന്നദ്ധ സംഘടനകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;<br><br>(ഇ) ഏതെല്ലാം സംഘടനകൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ? | (ഡി) & (ഇ) | ദാരിദ്ര്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നട്ടെല്ലിന് ക്ഷതം സംഭവിച്ചവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പിന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും 2011-12 ൽ ഇൻഡ്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (ഐഎപിസി) എന്ന സംഘടനയ്ക്ക് 44.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 14.92 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ